● കവർസ്റ്റോറി

# കമ്യൂണിസം: ഇനി എന്ത്?

**തഫ്സൽ ഇഅ്ജാസ്**

**ചരിത്രത്തിന്** ചില അനിവാര്യമായ ക്രമീകരണങ്ങളുണ്ട്. ഇവയെ അല്ലാഹുവിന്റെ നടപടിക്രമങ്ങളുമായി മാത്രമേ ബന്ധിപ്പിക്കാനാവൂ. മനുഷ്യരിലെ വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും ക്രിയാശേഷി ഇവക്കു മുമ്പിൽ നിസ്സഹായമായിത്തീരുന്നു. ഉദാഹരണത്തിന് ജഡികവും പ്രതിലോമപരവുമായ യാഥാസ്ഥിതികത്വത്തിന്റെ പ്രശ്നം തന്നെയെടുക്കുക. ചരിത്രത്തിൽ ഇത് ഏതെങ്കിലും രൂപഭാവത്തിൽ പ്രകടമാവുമ്പോൾ, അതുവരെ പുരോഗമനപരവും വിപ്ലവകരവുമായി വിലയിരുത്തപ്പെട്ട വ്യക്തിത്വങ്ങളും പ്രസ്ഥാനങ്ങളുമെല്ലാം അതിന്റെ യുക്തിക്ക് നിസ്സഹായമായി കീഴടങ്ങുന്നു. ചരിത്രത്തിന്റെ ഈ ചലന-ബലതന്ത്രം ശരിക്കും പഠനവിധേയമാക്കപ്പെടേണ്ടതാണ്. '90-കളോടുകൂടി ശക്തമായി പ്രകടിതമായ ആഗോളവത്കരണ സമീപനം ഇത്തരത്തിലുള്ള ഒരു യാഥാസ്ഥിതികത്വത്തെ പ്രതിനിധാനം ചെയ്യുന്നു. 500 വർഷത്തോളമായി വികസിച്ചുകൊണ്ടേയിരിക്കുന്ന ഒരു സാമ്രാജ്യത്വ പദ്ധതിയുടെ ഒരു ഘട്ടമായി ഇതിനെ വിലയിരുത്തുമ്പോൾ പോലും, ഇദംപ്രഥമമായി ഇത് സാമ്രാജ്യത്വത്തിനെതിരെ കടുത്ത പോരാട്ടങ്ങൾ സംഘടിപ്പിക്കുകയും ഇതിന്റെ ആസന്നമായ ഭീഷണിയെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയും ചെയ്ത വിപ്ലവവാദികളുടെ പോലും ഭാഷയായിത്തീർന്നിരിക്കുന്നു. അതുകൊണ്ടാണ്, സാമ്രാജ്യത്വവാദികളുടെ മാത്രമല്ല, മതവാദികളുടെയും കമ്യൂണിസ്റ്റുകളുടെയും ഉത്തരാധുനികവാദികളുടെയുമെല്ലാം പൊതുഭാഷയും സമീപനവുമായി ആഗോളവത്കരണം മാറിയിട്ടുള്ളത്.

മാർക്സിസത്തിന്റെ പതനത്തിന് പല കാരണങ്ങളുണ്ട്. ഒന്നാമതായി, അതിന്റെ സൈദ്ധാന്തികവും ചരിത്രവിശകലനപരവുമായ ദൗർബല്യങ്ങൾ. കമ്യൂണിസ്റ്റ് തത്ത്വങ്ങൾക്ക് പൂർണമായും ഒത്തനിലയിൽ വിലയിരുത്താനാവുന്നത് എന്ന് ഉറപ്പുണ്ടായിരുന്ന പടിഞ്ഞാറൻ യൂറോപ്പിലെയും വിശിഷ്യാ ജർമനിയിലെയും മറ്റും അവസ്ഥകൾ തന്നെ ഒന്നാം ലോകയുദ്ധാനന്തരം കമ്യൂണിസ്റ്റ് പ്രതീക്ഷകൾക്ക് വിരുദ്ധമായാണ് പരിണമിച്ചത്. മൊത്തം ജീവിതത്തെ തന്നെ പാർട്ടി പരിപാടിയാക്കാൻ ശ്രമിച്ച ലെനിനിസവും സ്വേഛാധിപത്യ സ്റ്റാലിനിസ്റ്റ്-ചൈനീസ് ഭീകരതകളുമെല്ലാം ഇതിൽ പെടുത്താവുന്നതാണ്. ഈ പശ്ചാത്തലങ്ങളാണല്ലോ നവമാർക്സിസ്റ്റ് പ്രസ്ഥാനത്തിന് വഴിവെച്ചത്. അതിനും പുറമെ, തൊഴിലാളിവർഗത്തിന്റെ അവബോധത്തിനും സംസ്കാരത്തിനും സംഭവിച്ച പരിണാമവും ഒരു കാരണമാണ്. ഈയൊരു പ്രമേയത്തെ ജോർജ് ഓർവെല്ലിന്റെ 'അനിമൽ ഫാം' എന്ന ലഘുനോവലിൽ രസകരമായി പ്രതിപാദിച്ചിട്ടുണ്ട്. തൊഴിലാളിവർഗത്തിന്റെ അവബോധത്തിനു സംഭവിച്ച മാറ്റത്തെക്കുറിച്ച് എറിക് ഹോബ്സ്ബാമും പറയുന്നു: 'ഐക്യദാർഢ്യബോധം ഉപഭോഗസമൂഹത്തിന്റെയും വ്യക്തിവാദത്തിന്റെയും മൂല്യങ്ങൾക്കും സ്വകാര്യവും വ്യക്തിപരവുമായ ഇഛാപൂർത്തീകരണത്തിനും വേണ്ടിയുള്ള അന്വേഷണത്തിനും വഴി മാറിയിരിക്കുന്നു.' പരിപ്പുവട തിന്ന് പാർട്ടി പ്രവർത്തനം നടത്താൻ ഇന്ന് കഴിയില്ല എന്ന് ജയരാജൻ പറയുന്നതും അതേ സംഗതിതന്നെയാണ്. തൊഴിലാളിവർഗവും സംഘടനയും ഒക്കെ ഇങ്ങനെ പുനഃക്രമീകരിക്കപ്പെടുമ്പോൾ സമരാത്മകമായ ഒരു പുതിയ സംഘബോധവും പൊതുബോധവും ആവശ്യമായിത്തീരുന്നു.

ആധുനിക നാഗരിക പരിണാമത്തിന്റെ ചാലകശക്തിയായ മുതലാളിത്തത്തെ തുറന്നെതിർക്കുമ്പോൾതന്നെ ആധുനികതയുടേതായ ആപേക്ഷികതകളിലാണ് കമ്യൂണിസം അതിന്റെ സകല പ്രതീക്ഷകളെയും ബന്ധിപ്പിച്ചിട്ടുള്ളത്. മുതലാളിത്തവും വ്യവസായവത്കരണവും ലോകവ്യാപകമായി സൃഷ്ടിക്കുന്ന തൊഴിലാളിവർഗംതന്നെ അതിന്റെ അന്ത്യം കുറിക്കും എന്ന് പ്രതീക്ഷിക്കുന്നു. ഈ ആഗോള തൊഴിലാളിവർഗവും മുതലാളിത്തത്തിന്റെ ആഗോള കമ്പോളവും ദേശീയതകളെയും രാഷ്ട്രങ്ങളെയും ഇല്ലായ്മ ചെയ്യും എന്നും വ്യാമോഹിക്കുന്നു. വർഗ-വംശ-ദേശ-രാഷ്ട്ര-സംസ്കാര ഭേദങ്ങൾക്കതീതമായ ഒരു തൊഴിലാളി വിപ്ലവത്തെയും വർഗസമൂഹത്തെയുമാണ് കമ്യൂണിസം ഭാവിക്കു വേണ്ടി വിഭാവന ചെയ്യുന്നത്. എന്നാൽ ആഗോള മുതലാളിത്തം അതിന്റെ സകല കരാളതകളോടും വികാസം പ്രാപിച്ചപ്പോൾതന്നെ, കമ്യൂണിസ്റ്റ് പ്രവചനങ്ങളും സ്വപ്നങ്ങളും വ്യാമോഹങ്ങളും തകരുകയാണുണ്ടായത്. തൊഴിലാളി വർഗത്തിന്റെ സ്വഭാവം തന്നെ ആഗോളവത്കരണയുക്തിക്ക് വിധേയപ്പെട്ടു. തന്നിമിത്തം അതിന്റെ സമരാത്മക ക്രിയാശേഷി നഷ്ടപ്പെട്ടു.

ആഗോളവത്കരണം, തൊഴിലാളി വർഗത്തിനു മാത്രമല്ല, ഭരണകൂടങ്ങൾക്കും പുതിയ ധർമങ്ങൾ നിർവചിച്ചു നൽകി. ഈയൊരു സാമന്ത ധർമം നിർവഹിക്കുന്നു എന്നതിനാൽ തന്നെ രാഷ്ട്രങ്ങളും ഭരണകൂടങ്ങളും ഇന്ന് ആഗോളവത്കരണ പ്രക്രിയയിലെ അവിഭാജ്യ ഘടകങ്ങളാണ്. ദേശീയ-വർഗ-വംശ-സംസ്കാര ബോധങ്ങളെല്ലാം ഇന്ന് വളരെ ശക്തമായിത്തീർന്നിരിക്കുകയും ചെയ്തിരിക്കുന്നു. ഇതു മാത്രമല്ല, പരാജയപ്പെട്ട തൊഴിലാളിവർഗത്തിന് ബദലായി മേൽപറഞ്ഞ മത-സംസ്കാര-വർഗ-വംശ പ്രതിനിധാനങ്ങളുടെ കൂട്ടായ്മയാണ് ഇന്ന് ലോകവ്യാപകമായി ആഗോളവത്കരണത്തിനും സാമ്രാജ്യത്വത്തിനും എതിരെയുള്ള പോരാട്ടത്തിന്റെ മുൻപന്തിയിൽ നിൽക്കുന്നത്. കമ്യൂണിസത്തിന് കൂടിവന്നാൽ ഈയൊരു സമരത്തിന്റെ ഘടകമായി നിൽക്കാനുള്ള പ്രസക്തി മാത്രമേ ഇന്നുള്ളൂ. ഈയൊരു സാധ്യതയെ തിരിച്ചറിഞ്ഞ് അതിന് കമ്യൂണിസ്റ്റ് പാർട്ടികൾ തയാറാവണം എന്ന് പ്രത്യുൽപന്നമതികളായ കമ്യൂണിസ്റ്റുകാർ ആവശ്യപ്പെടുമ്പോൾ യാഥാസ്ഥിതിക പാരമ്പര്യവാദികൾ അതിനെ അസഹിഷ്ണുതയോടു കൂടി കാണുന്നു. ജനങ്ങളുടെ പൊതുബോധത്തിലെ വിപ്ലവാത്മകമായ അംശങ്ങളെ എങ്ങനെ ആഗോളവത്കരണം ബാധിച്ചിരിക്കുന്നു എന്നതിനെക്കുറിച്ച് കമ്യൂണിസ്റ്റുകൾ അശ്രദ്ധ പുലർത്തുകയാണ്.

ഉദാഹരണത്തിന്, വ്യവസായവത്കരണത്തിന്റേതായ മുതലാളിത്തം, തൊഴിലാളിവർഗം എന്ന ഒന്നിനെ സൃഷ്ടിക്കുന്നതിനും ചൂഷിതരായ അവരുടെ ഐക്യദാർഢ്യത്തെയും സമരബോധത്തെയും രൂപപ്പെടുത്തുന്നതിനും ഉതകുന്നതാണ്. ഈയൊരു പരിമിത സാധ്യതയുടെ വികാസമാണ് പിൽക്കാലത്തേക്കും മാർക്സിസം സ്വപ്നം കണ്ടത്. എന്നാൽ ആഗോളവത്കരണം എന്നത് വ്യവസായവത്കരണ മുതലാളിത്തത്തിന് വേണ്ട ആഗോള കമ്പോളവും ആഗോള സാമ്പത്തിക-ഗതാഗത- ആശയവിനിമയ സംവിധാനങ്ങളുടെ വളർച്ചയും മാത്രമല്ല. ഇന്ന് നിലനിൽക്കുന്ന പണത്തിന്റെയും സംസ്കാരത്തിന്റെയും കമ്പോളത്തിന്റെയും യുക്തി പ്രകൃതിവിഭവങ്ങളെ ചൂഷണം ചെയ്ത് വ്യാവസായിക ഉൽപന്നങ്ങളായി മാറ്റി ആഗോള കമ്പോളത്തിൽ വിറ്റഴിക്കുന്നതിന്റേത് മാത്രമല്ല. ഈയൊരു വിഭാവനയും അത് സൃഷ്ടിക്കുന്ന തൊഴിലാളിവർഗ പോരാട്ട സാധ്യതയുമാണല്ലോ കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ മാർക്സും എംഗൽസും വളരെ സുന്ദരമായി അവതരിപ്പിച്ചിട്ടുള്ളത്.

ഉൽപാദനത്തിന്റെ അമിതവർധനവ് മാർക്സ് വിഭാവന ചെയ്ത ഉൽപാദന മുതലാളിത്തത്തിനുമപ്പുറം പണമുതലാളിത്തത്തിന്റേതായ ഒരു ഘട്ടത്തിലേക്ക് ചരിത്രത്തെ നയിച്ചിട്ടുണ്ട്. കൂടുതൽ ഉൽപാദിപ്പിച്ചതുകൊണ്ട് ലാഭം വർധിക്കാനില്ല എന്നു കണ്ടപ്പോൾ ആഗോള കമ്പോളത്തിൽ പണം തന്നെ ഒരു കച്ചവട ചരക്കായി മാറിയിട്ടുണ്ട്. 1970-കൾ തൊട്ട് ഈ പ്രവണത ശക്തിപ്പെട്ടു. അമേരിക്ക 1971-ൽ ഡോളറിന്റെ സ്വർണ മൂല്യാടിത്തറയെ കൈയൊഴിഞ്ഞത് അതിനു വേണ്ടിയാണ്. പെട്രോളും അന്താരാഷ്ട്ര ബാങ്കുകളും വായ്പാ ഏജൻസികളും ഇന്ന് പണക്കമ്പോളത്തിന് ആവശ്യമായ ഘടകങ്ങൾ മാത്രമായി മാറിയിട്ടുണ്ട്. മൂന്നാം ലോക രാജ്യങ്ങൾക്ക് കടം കൊടുക്കുന്നതും കടക്കെണിയിൽ പെടുത്തുന്നതും ഒക്കെ ഇതിന്റെ ഭാഗമാണ്. പണ മുതലാളിത്തം, 1990-കളാവുമ്പോഴേക്കും ഏറ്റവും ശക്തമായിത്തീർന്നത് ഓഹരിക്കമ്പോളത്തിലൂടെയാണ്. കൊളോണിയലിസത്തിന്റെ പുതിയ സാധ്യതകളെയാണ് മൂന്നാം ലോക രാഷ്ട്രങ്ങളിലും മുൻ കമ്യൂണിസ്റ്റ് രാഷ്ട്രങ്ങളിലും സ്ഥാപിതമായ ഓഹരികമ്പോളങ്ങളും സ്റ്റോക്ക് എക്സ്ചേഞ്ചുകളും പ്രതിനിധാനം ചെയ്യുന്നത്.

മാർക്സ് വിഭാവന ചെയ്ത ശുദ്ധ തൊഴിലാളി, ചരിത്രത്തിൽനിന്ന് എന്നെന്നേക്കുമായി നിഷ്ക്രമിച്ചിരിക്കുന്നു. അത് വ്യാവസായിക ചൂഷണത്തിന്റെ ഘട്ടത്തിലെ ഒരു താൽക്കാലിക സൃഷ്ടി മാത്രമായിരുന്നു. ഇന്നത്തെ ആഗോളവത്കരണത്തിന്റെ സകല മുഖങ്ങളോടുമുള്ള കടന്നാക്രമണം, ഭൂമിയിൽ ജീവിക്കുന്ന അടിസ്ഥാന മനുഷ്യന്റെ ഉണ്മയുടെ സകല ഭൗതികവും ഭൗതികാതീതവുമായ തലങ്ങളെയും സ്പർശിച്ചിരിക്കുന്നു. ഇതിലൂടെയുണ്ടാവുന്ന പോരാട്ടബോധം മനുഷ്യന്റെ അസ്തിത്വത്തിന്റെ യാഥാർഥ്യത്തെ ആഴത്തിൽ അന്വേഷിക്കുന്ന ഒന്നായിരിക്കും. വ്യത്യസ്ത സ്വഭാവങ്ങളിലുള്ള മതമൗലികവാദങ്ങൾ ഇതിന്റെ ഫലമാണ്. ഇവയിൽ സായുധ സ്വഭാവമുള്ളതുമുണ്ടാകും; അല്ലാത്തതുമുണ്ടാകും. ഇവയെ കമ്യൂണിസത്തിലെ സമാന വികാസങ്ങളിൽനിന്നും ഇകഴ്ത്തിക്കാണേണ്ട ആവശ്യമില്ല. സായുധവും അല്ലാത്തതുമായ സമരങ്ങൾ കമ്യൂണിസ്റ്റ് പാരമ്പര്യത്തിലും ഉണ്ടായിരുന്നല്ലോ!

കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയിലെ വിശകലനം മുതലാളിത്തം എങ്ങനെ മനുഷ്യന്റെ ഉള്ളിലെ ലോകത്തെ പുനഃക്രമീകരിക്കുന്നു എന്നതിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്: “ഇതുവരെ ആദരിക്കപ്പെടുകയും ആരാധനാപൂർവം വീക്ഷിക്കപ്പെടുകയും ചെയ്തിട്ടുള്ള സകല തൊഴിലുകളുടെയും ദീപ്തിപ്രഭാവത്തെ ബോർഷ്വാസി പിച്ചിച്ചീന്തി. ഭിഷഗ്വരനെയും അഭിഭാഷകനയും പുരോഹിതനെയും കവിയെയും ശാസ്ത്രകാരനെയും അത് കൂലിത്തൊഴിലാളികളാക്കി മാറ്റി. കുടുംബത്തിന്റെ വൈകാരികമായ ആവരണത്തെ അത് പിച്ചിച്ചീന്തി. കുടുംബബന്ധത്തെ അത് പണബന്ധമാക്കിത്തീർത്തു....”

കൂലിത്തൊഴിലാളിയാക്കപ്പെടുന്ന ലോകമനുഷ്യന്റെ ശക്തമായ ഉയിർത്തെഴുന്നേൽപും പോരാട്ടവുമായി മാത്രമേ കമ്യൂണിസത്തിന് പ്രസക്തിയുള്ളൂ. എന്നാൽ അതല്ലാത്ത പ്രത്യയശാസ്ത്രവും ഭരണകൂടവും പാർട്ടിയും സമരവും യൂനിയനും ഒക്കെയായി കമ്യൂണിസം വളർന്നപ്പോൾ ചരിത്രത്തിൽ അതിന്റെ ഇടം നഷ്ടപ്പെട്ടു. ചൂഷണങ്ങൾക്കറുതി, അതോടൊപ്പംതന്നെ ആധുനിക മനുഷ്യന്റെ സ്വത്വത്തിന് നഷ്ടപ്പെട്ട തലങ്ങൾ വീണ്ടെടുക്കാനുള്ള പോരാട്ടം- ഇവയായിരിക്കണം, ഇനിയുള്ള അജണ്ട. നവമാർക്സിസം നൽകിയ പുതിയ ദിശാബോധങ്ങൾക്കുമപ്പുറം മാർക്സിസത്തിന് ഇനി വളർച്ച സാധ്യമാകണമെങ്കിൽ ഇതര സ്രോതസ്സുകളിലേക്ക് ആഴമേറിയ അന്വേഷണങ്ങൾ നടത്തൽ അനിവാര്യമാണ്. പ്രത്യേകിച്ചും ആഗോളതലത്തിൽ സാമ്രാജ്യത്വത്തിനെതിരെ ശക്തമായി അടരാടുന്ന ഇസ്ലാമിനെ അവഗണിച്ചുകൊണ്ട് കമ്യൂണിസത്തിന് മുന്നോട്ടു പോകാനാവില്ല. ഇസ്ലാം മുന്നോട്ടു വെക്കുന്ന സാധ്യത സായുധപോരാട്ടത്തിന്റേതു മാത്രമല്ല; അതിനുമപ്പുറം, സാമ്പത്തിക-സാമൂഹിക വ്യവഹാരങ്ങളിൽ പുതിയ ദിശകളെയും സമർപ്പിക്കുന്നു. ആഗോളവത്കരണം എന്ന പലിശ മുതലാളിത്തത്തിന് അറുതിവരുത്താൻ ഇത്തരം നിർദേശങ്ങളെ പരിഗണിക്കേണ്ടതുണ്ട്. ആധുനികതയും ഉപഭോഗസംസ്കാരവും മനുഷ്യന്റെ ഉള്ള് ചോർത്തിക്കളയുന്ന ഇന്നത്തെ കാലഘട്ടത്തിൽ ഇസ്ലാമിന്റെ ആത്മീയതയും സ്വത്വാന്വേഷണവും ഏറ്റവും വലിയ സാധ്യതകളായി നിലനിൽക്കുന്നു. ■